പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6604 — 08.11.2016 ൽ മറുപടിയ്ക്ക്

## കോട്ടക്കൽ നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പൊൻവള, മാറക്കര, വളാഞ്ചേരി, ഇരിബിളിയം, കോട്ടയ്ക്കൽ എന്നിവിടങ്ങളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന്റെ സേവനം ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) സപ്ലൈകോയുടെ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ എന്ന പദ്ധതി പ്രധാനമായും പിന്നോക്ക മലയോര പ്രദേശങ്ങൾ, ആദിവാസി മേഖലകൾ, തീരദേശ മേഖലകൾ തുടങ്ങിയ ഭൂമിശാസ്ത്രപരമായും, സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന മേഖലകളിലെ ജനങ്ങൾക്ക് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് നടപ്പിലാക്കിവരുന്നത്. കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പൊന്മള, മാറക്കര, വളാഞ്ചേരി, ഇരിമ്പിളിയം, കോട്ടയ്ക്കൽ എന്നീ പഞ്ചായത്തുകളിൽ നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ആയതിനാൽ, നിലവിലെ സാഹചര്യത്തിൽ പ്രസ്തുത പഞ്ചായത്തുകളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെ സേവനം ലഭ്യമാക്കുന്നത് പരിഗണനയിലില്ല. |
| (ബി) നിലവിലുള്ള സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ബി) സംസ്ഥാനത്ത് നിലവിലുള്ള സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ജില്ല | സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 1 * |
| 2. | കൊല്ലം | - |
| 3. | പത്തനംതിട്ട | 1 |
| 4. | ആലപ്പുഴ | 1 |
| 5. | കോട്ടയം | 1 |
| 6. | ഇടുക്കി | 2 |
| 7. | എറണാകുളം | 3 |
| 8. | തൃശ്ശൂർ | 1 |
| 9. | പാലക്കാട് | 2 |
| 10. | മലപ്പുറം | 1 |
| 11. | കോഴിക്കോട് | 2 |
| 12. | വയനാട് | 4 |
| 13. | കണ്ണൂർ | 2 |
| 14. | കാസർഗോഡ് | 1 |
| | ആകെ | 22 |

*തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിച്ചിരുന്ന രണ്ട് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളിൽ ഒരെണ്ണം 22 വർഷത്തെ കാലപ്പഴക്കം കാരണം ഗതാഗതയോഗ്യമല്ലാത്തതിനാൽ 2016 ഒക്ടോബർ മാസം മുതൽ പ്രവർത്തിക്കുന്നില്ല.

സെക്ഷൻ ഓഫീസർ